## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 4768

05.02.2014 ൽ
മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിൽ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷ ക്ഷേമത്തിനായി ജില്ലാ തലത്തിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) ഈ വിഭാഗത്തിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ ആരാണ്; | ബി) | എല്ലാ ജില്ലാകളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന് കീഴിൽ ഒരു എൽ.ഡി.ക്ലാർക്ക് മാത്രമുള്ള ന്യൂനപക്ഷ ക്ഷേമ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. |
| സി) പാലക്കാട് ജില്ലയിൽ ഈ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) 2013 വർഷത്തിൽ ഈ വിഭാഗം പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; | ഡി) | പി.എസ്.സി., യു.പി.എസ്.സി., എസ്.എസ്.സി., ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, ഡിഗ്രി തലങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലുള്ള കുട്ടികൾക്ക് പാസ് വേഡ് എന്ന പേരിൽ ദ്വിദിന സൗജന്യ വ്യക്തിത്വ വികസന ക്യാമ്പ്, ന്യൂനപക്ഷ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ( 70 ശതമാനമെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾ അംഗങ്ങളായ രജിസ്റ്റേഡ് സംഘങ്ങൾ) സ്വയംസംരംഭക പദ്ധതിയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ജില്ലയിൽ 2 സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 10, +2, ബിരുദ തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനുള്ള കരിയർ ഗൈഡൻസ് പദ്ധതി,ന്യൂനപക്ഷ വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ജില്ലയിൽ 14 വീടുകൾക്ക് ധനസഹായം എന്നിവ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

ഇ) ന്യൂനപക്ഷത്തിന വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ച് ഇന പരിപാടി നടത്തിപ്പിന്റെ ജില്ലാതല സമിതി ഏറ്റവും ഒടുവിൽ എന്നാണ് ചേർന്നത്;

ഇ) 29.12.2012 -നാണ് ജില്ലാതല സമിതി ഏറ്റവും ഒടുവിൽ ചേർന്നത്.

എഫ്) ജില്ലയ്ക്ക് ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

എഫ്)

| പദ്ധതി | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| പ്രമോട്ടർമാർക്കുള്ള ഏകദിന പരിശീലനം | 10000 | 10000 | --- |
| പ്രമോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് | 6000 | 2960 | 3040 രൂപ തിരിച്ചടച്ചു |
| ഹൈസ്കൂൾ-ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള ദ്വിദിന പാസ്സ് വേഡ് പ്രോഗ്രാം. | 1,50,000 | 142350 | 7650 രൂപ തിരിച്ചടച്ചു |
| കരിയർ ഗൈഡൻസ് | 125000 | ----- | പദ്ധതി നടത്തിപ്പിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| രണ്ടാം ഘട്ട പാസ്സ് വേഡ് പദ്ധതി (കോളേജ് വിദ്യാർത്ഥികൾക്കുള്ള പാസ്സ് വേഡ് ദ്വിദിന ക്യാമ്പ്). | 150000 | ----- | പദ്ധതി നടത്തിപ്പിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| സ്വയം സഹായ സംഘങ്ങൾക്ക് സ്വയം സംരംഭക പദ്ധതി | 202500 | ----- | സംഘത്തിനുള്ള സബ്സിഡി തുക നൽകുന്നതിന് ബാങ്കിന് കൈമാറിയിട്ടുണ്ട് |
| ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപ്പെട്ടത്തിയ വനിതകൾക്കുമുള്ള ഭവനനിർമ്മാണ പദ്ധതി | 2800000 | ----- | പദ്ധതി നടത്തിപ്പിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ